# മുന്നു നോമ്പിലെ നമസ്ക്കാരം

## രാത്രിനമസ്ക്കാരം

( കൗമാ)

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനെ... ഇത്യാദി

**എനിയോനോ**

1. നാൽപതു ദിവസങ്ങൾക്കകം നിനുവ നശിക്കുമെന്നുള്ള ദീർഘദർശിയുടെ വചനത്തെ നിനുവക്കാർ കേട്ടു.
2. നിനുവനശിക്കുമെന്നുള്ള അവന്റെ ശബ്ദം മഹാകോട്ടയുടെ നേരെ പുറപ്പെട്ടു.
3. അവർ അനുതാപം നിശ്ചയിച്ചു കൊണ്ട് യാചന നടത്തി. അവർക്കു കരുണ ലഭിക്കുകയും അവർ സ്തുതി പാടുകയും ചെയ്തു.
4. ശിശുക്കൾക്കും പൈതങ്ങൾക്കും പാൽ തടയപ്പെട്ടു. മണവാളൻമാരും മണവാട്ടികളും അവരുടെ അലങ്കാരങ്ങൾ വലിച്ചെറിഞ്ഞു.
5. പരിമളത്തിനു പകരം ചാരവും വസ്ത്രത്തിനു പകരം ചാക്കും രാജാവും പ്രജകളും പ്രധാനികളും ധരിച്ചു.

ബാറെക് മോർ

6. കാരുണ്യവാനായ പിതാവിനും ദയവാനായ പുത്രനും വിമോചകനായ റൂഹായ്ക്കും സ്തുതി.

കുറിയേ... കുറിയേ... കുറിയേ...

നിനുവയക്കാരോട് കനിഞ്ഞ് അവരുടെ നഗരത്തെ സഹായിച്ച് കോപത്തിൽ

നിന്നും രക്ഷിച്ചതായ കൃപയ്ക്ക് സ്തുതി.

കുറിയേ… കുറിയേ… കുറിയേ…

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ മേൽ കരുണ ചെയ്യണമേ… ഇത്യാദി

1. നിനുവായക്കാർ നടത്തിയ യാചന സങ്കടമേറിയതും അതിവേദനയോടു കൂടിയതുമായിരുന്നു. രാജാവും പ്രജകളും സർവ്വജനവും രട്ടുടുത്തു കൊണ്ട് മണ്ണിൽ കിടന്നു. കർത്താവേ നിന്റെ കോപത്തിൽ ഞങ്ങളെ ശാസിക്കയോ നിന്റെ ക്രോധത്തിൽ ഞങ്ങളെ ശിക്ഷിക്കയോചെയ്യരുതേ എന്ന് അവർ നിലവിളിച്ചു പറഞ്ഞു.

ബാറെക്മോർ

2. യൗനാൻ നിനുവയെക്കുറിച്ച് പ്രസംഗിച്ച നാശത്തെ കുറിച്ച് പട്ടണങ്ങളും കോട്ടകളും കേട്ട് നശിച്ചു പോകുന്ന ജനത്തെക്കുറിച്ചും ഉന്മൂലനാശം വരുന്ന വിസ്മയനീയ ആലയങ്ങളെകുറിച്ചും കരഞ്ഞു. അവർ സങ്കടത്തോടെ നിലവിളിച്ചു. കർത്താവേ നീ എഴുന്നേറ്റ് നിന്റെ ആട്ടിൻ കൂട്ടത്തെ രക്ഷിക്കയും നിന്റെ അവകാശത്തോടു കരുണ ചെയ്കയും ചെയ്യണമേ.

## ബോവൂസാ

1. ഞങ്ങളുടെ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന് ഞങ്ങളുടെ അപേക്ഷയെ കേട്ട് ഞങ്ങളുടെ ആത്മാക്കൾ മേൽ കരുണ ചെയ്യണമേ.
2. പാതിരാത്രിയിൽ ദാവീദ് ദൈവത്തിന്റെ അത്ഭുതങ്ങളെക്കുറിച്ച് എഴുന്നേറ്റ് സ്ലതിപടുവാനായി ഉണർന്നു. വിവേകിയായുള്ളോവേ നീയും രാത്രിയിൽ ഉണർന്ന് ദാവീദിന്റെ സങ്കീർത്തനങ്ങളാൽ ആത്മീയ പ്രകാരം ഹാലേല്ലുയ്യാ പാടുക.
3. കർത്താവേ നിന്നെ സ്നേഹിക്കുന്നവർക്ക് നീ പ്രകാശമാകയാൽ നിന്നാൽ ഞാൻ പ്രകാശിക്കുമാറാകണമേ. പ്രകാശമായുള്ളോവേ നിന്റെ കരുണയെ കാണുവാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. ലോകമാകുന്ന യാത്ര ക്ഷണികവും വിരുദ്ധതകൾ നിറഞ്ഞിരിക്കുന്നതുമാകുന്നു. നീ

പ്രകാശമാകയാൽ നിന്നിൽ നടക്കുന്നവൻ ഇടറിപ്പോകുന്നുമില്ല.

4. ദൈവമേ, എന്നോട് ഉത്തരമരുളണമേ. ദൈവമേ, എന്നോട് ഉത്തരമരുളി കരുണ ചെയ്യണമേ. മനുഷ്യമക്കളുടെ ഹൃദയത്തെ അനുതാപത്തിലേക്ക് തിരിക്കുകയും ചെയ്യണമേ.

## രണ്ടാം കൗമാ

എന്നേക്കും തന്റെ ഇടത്തിൽ... ഇത്യാദി ഒരു കൗമാ ചൊല്ലണം.

നിനുവയക്കാരെ തിന്മയിൽ നിന്ന് നന്മയിലേക്ക് മാനസാന്തരപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കുറിയേ... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ മേൽ കരുണ ചെയ്യണമേ... ഇത്യാദി

## കോലോകൾ

1. നിനുവാനഗരം മുഴുവനും സങ്കടത്തോടും കണ്ണുനീരോടും കൂടി കരയുകയും ഏകശബ്ദത്താൽ നീതിയുടെ മുമ്പിൽ നിലവിളിക്കുകയും ചെയ്തു. അതിന്റെ പ്രാർത്ഥനയും നോമ്പും കർത്താവ് ശ്രദ്ധിച്ച് അതിന്മേലുള്ള ന്യായത്തീർപ്പും ക്രോധവും നീക്കിക്കളയുവാൻ അപേക്ഷിച്ചു. അവരുടെ പ്രാർത്ഥനയെ കൈക്കൊണ്ട ദൈവമേ നിന്നെ വിളിക്കുന്ന നിന്റെ അടിയാരോട് ഉത്തരമരുളുകയും ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്യണമേ.

ബാറെക്മോർ

2. ജാതികളും ബർബരന്മാരുമായ അഗ്രചർമ്മികളായ നിനുവായക്കാർ യൗനാന്റെ പ്രസംഗത്താൽ അനുതപിച്ച് മാനസാന്തരപ്പെട്ടു. രാവും പകലും തിരുവെഴുത്തുകൾ ഞങ്ങളോട് പ്രസംഗിച്ചിട്ടും ഞങ്ങൾ എത്ര അഹങ്കരിച്ചും ഹൃദയം കഠിനപ്പെട്ടും ഇരിക്കുന്നു. ഞങ്ങളുടെ ഹൃദയം മാർദ്ദവമാകയോ വ്യത്യാസപ്പെടുകയോ ചെയ്യുന്നതുമില്ല. നീതിയെക്കുറിച്ച് ഞങ്ങൾ

പരിഭ്രമിക്കുന്നുമില്ല. ഞങ്ങളെ സഹിക്കയും ഞങ്ങളുടെ ദുഷ്ടതയെ വഹിക്കുകയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

മൊറിയോ റാഹേം…

## ബോവൂസാ

1. ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളുകയും ചെയ്യണമേ.
2. യഹൂദനായ യൗനാൻ നിനുവയിൽ അഗ്രചർമ്മികളുടെ ഇടയിൽ പ്രസംഗിച്ചു. ആ ധീരൻ കോട്ടയിലേക്ക് പ്രവേശിച്ചു. ദുഖശബ്ദത്താൽ അതിനെ ഇളക്കി. ജാതികളുടെ നഗരം വ്യാകുലപ്പെട്ടു. കടലിൽ നിന്ന് കരേറിയ യൗനാൻ മൂലം കടൽ പോലെ അത് ക്ഷോഭിക്കയും ചെയ്തു
3. ദൈവസന്നിധിയിൽ നിന്ന് യൗനാനും, വിശുദ്ധിയിൽ നിന്നു നിനുവയക്കാരും ഓടിപ്പോയി. ഇരു കൂട്ടരേയും നീതി കുറ്റക്കാരായി ബന്ധിച്ചു. ഇരുവരും അനുതാപം നടത്തുകയും രക്ഷ നേടുകയും ചെയ്തു. യൗനാൻ കടലിലും നിനുവയക്കാർ കരയിലും കാക്കപ്പെടുകയും ചെയ്തു.
4. പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾക്ക് ഉത്തരമരുളന്നവനുമായ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളോടു നിരപ്പായി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ.

## മൂന്നാം കൗമാ

എന്നേക്കും തന്റെ ഇടത്തിൽ… ഇത്യാദി ഒരു കൗമാ ചൊല്ലണം.

## എക്ബോ

ദുഷ്ടലോകം എന്നെ ഉണർത്തി സംഭ്രമത്തോടെ അതിന്റെ ദുഷ്ടതകൾ പറയുകയും അതിന്റെ ദ്വേഷതകളെ കുറിച്ച് നിരൂപിക്കയും അതിനോടുള്ള മമതയിൽ മുഴുകകയും ചെയ്തിരിക്കുന്നതു കൊണ്ട് അവർക്ക് കഷ്ടം.

കുറിയേ... കുറിയേ... കുറിയേ...

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ മേൽ കരുണ ചെയ്യണമേ... ഇത്യാദി

## കോലോകൾ

1. കർത്താവേ, ഞാൻ പാപം ചെയ്യുകയും ഒരുവനും എന്നെ കാണാതിരിപ്പാൻ ഞാൻ മറഞ്ഞിരിക്കയും ചെയ്യുന്നു ആരെങ്കിലും എന്നെ കണ്ടാൽ ഞാൻ ലജ്ജിക്കുന്നുവെങ്കിലും ദൈവത്തിൽ നിന്നു ഞാൻ ശങ്കിക്കുന്നതുമില്ല. ന്യായാധിപൻമാരുടെ ന്യായാധിപനായ കർത്താവേ ഞാൻ മരിച്ചാലും ജീവിച്ചാലും നിന്റെ കയ്യിലല്ലോ ഏൽപിക്കപ്പെടുന്നത്. നിന്റെ ദയയാൽ ഞങ്ങളോട് കരുണ ചെയ്യണമേ. ബാറെക്മോർ.

2. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്നെ വിളിക്കുന്നവരായ ഞങ്ങളോട് നീ ഉത്തരമരുളിച്ചെയ്യണമേ. എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന പിതാവ് ഞങ്ങൾക്ക് വേറെയില്ല. തിരുവുള്ളത്താൽ ഇല്ലായ്മയിൽ നിന്ന് ഞങ്ങളെ നീ സൃഷ്ടിച്ചിരിക്കുന്നു. നിന്റെ കോപം ഞങ്ങളെ നശിപ്പിക്കരുതേ. നിന്റെ കൽപനകൾ ഞങ്ങളെ പഠിപ്പിക്കുകയും ഞങ്ങൾ അവയെ ആചരിക്കുകയും ചെയ്യുമാറാകണമേ. പുണ്യ പ്രവൃത്തികളാൽ ഞങ്ങൾ നിന്നെ പ്രസാദിപ്പിക്കുമാറാകണമേ. നിന്റെ ദയയാൽ ഞങ്ങളോട് കരുണ ചെയ്യണമേ.

## ബോവൂസാ

1. പാപികളോട് കരുണ ചെയ്യുന്നവനായ കർത്താവേ, നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ.

2. നിനുവ കീഴ്മേൽ മറിയുമെന്ന്അട്ടഹസിച്ച് പറഞ്ഞു കൊണ്ട് മഹാകോട്ടയുടെ മേൽ നാശം നിശ്ചയിച്ചും നാശത്തെ ക്ഷണിച്ചും അവൻ പ്രസംഗിച്ചു.

3. നഗരമെല്ലാം ഒരുമിച്ചു കൂടി അപേക്ഷ നടത്തി അനുതാപം നിശ്ചയിച്ചു അവർക്ക് കരുണ ലഭിക്കുകയും മഹത്വം പാടുകയും ചെയ്തു

4. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ ദൈവമേ നിനക്കു സ്തുതി… (മൂന്നു പ്രാവശ്യം)

കരുണയുള്ള ദൈവമേ… ഇത്യാദി

ത്രിത്വത്തിനു സ്തുതി…

1. കർത്താവേ, ദുരിതക്കുഴിയിൽ നിന്നും നാശത്തിന്റെ ചെളിയിൽ നിന്നും പുറത്തെ അന്ധകാരത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. അവസാനം സംഭവിക്കയും സഹാദേൻമാർ തങ്ങളുടെ കിരീടം പ്രാപിക്കയും ചെയ്യുമ്പോൾ അവരോടൊന്നിച്ച് മണവറയിലേക്ക് ഞങ്ങൾ പ്രവേശിച്ച് ഞങ്ങൾ നിനക്ക് മഹത്വം പാടുമാറാകണമേ. ബാറെക്മോർ.

2. നീതിമാൻമാർക്കു വേണ്ടിയല്ല, പാപികൾക്ക് വേണ്ടിയാകുന്നു ഞാൻ വന്നത് എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ഇതാ കർത്താവിൻറെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. പാപികളെ! അനുതപിച്ച് രക്ഷപ്രാപിപ്പിൻ. എന്തെന്നാൽ അവരുടെ മരണത്തിൽ ഞാൻ ഇഷ്ടപ്പെടുന്നില്ല എന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നു.

മൊറിയോ റാഹേം…

## ബോവൂസാ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി നീ എഴുന്നെള്ളി ഞങ്ങളുടെ അപേക്ഷയെ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

2. കർത്താവേ നിന്നോടുള്ള ചേർച്ചയിൽ നിന്ന് അകന്നു പോകാതിരിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പാപം ഞങ്ങളെ പുറത്താക്കിയെങ്കിലും നിന്റെ ആർദ്രസ്നേഹം ഞങ്ങളെ അകത്തു കയറ്റണമേ. പാപം ഞങ്ങൾക്കായി പതിയിരുന്നു ഞങ്ങളെ വളരെ മുറിവേൽപിച്ചിരിക്കുന്നു

മഹാവൈദ്യനായുള്ളോവേ, ഞങ്ങളെ വേദനപ്പെടുത്തുന്ന മുറിവുകളെ നീ സൗഖ്യമാക്കണമേ.

3. ദുഷ്ടൻ ഞങ്ങൾക്കായി വല വെച്ച് അവന്റെ കെണിയിൽ ഞങ്ങളെ അകപ്പെടുത്തിയിരിക്കുന്നു. നീ അവന്റെ കെണിയെ തകർത്ത് അപകടത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ. നല്ല ഇടയനായുള്ളോവേ, കാണാതെ പോയ ആടിനെ അന്വേഷിച്ച് പുറപ്പെടണമേ. അതിന്റെ ജീവനെ അന്വേഷിക്കുന്ന ദുഷ്ടന്റെ കൈകളിൽ അതിനെ വിട്ടുകൊടുക്കരുതേ.

4. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായുള്ളോവേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.

## മാലാഖമാരുടെ സ്തുതിപ്പ്

മേലുള്ള ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ…

ഞങ്ങളുടെ കർത്താവായ യേശു മിശിഹാ…

(കൗമാ)